**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 771 23.07.2012-ൽ മറുപടിയ്ക്ക്

## സ്ഥിരം കുറ്റവാളികളെ തിരിച്ചറിയാൻ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹിദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ തിരിച്ചറിയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കാമോ;

(എ) നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ തിരിച്ചറിയുന്നതിനായി പോലീസ് സ്റ്റേഷനുകളിലും, സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിലും സംവിധാനങ്ങളുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നവരുടെ (ഗുണ്ടകൾ/ റൗഡികൾ ) ലിസ്റ്റ് ഉൾപ്പെടുന്ന Register of Antisocials എന്ന രജിസ്റ്റർ ഓരോ പോലീസ് സ്റ്റേഷനിലും തയ്യാറാക്കി സൂക്ഷിക്കുന്നു. ഓരോ ഗുണ്ട / റൗഡികളുടെയും ചരിത്രവും കേസുകളുടെ സ്വഭാവവും അവർക്കെതിരെ എടുത്തിട്ടുള്ള നിയമ നടപടികളുടെ വിശദാംശങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്റ്റർ അതാത് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ ഓരോ മാസവും DySP/AC - മാർ നാല് മാസത്തിലൊരിക്കലും പരിശോധിച്ച് വരുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പ്രവർത്തനങ്ങളും, ജീവിതരീതികളും സസൂക്ഷമം നിരീക്ഷിച്ച് വരികയും പ്രശ്നക്കാരുടെ പേരിൽ KAAPA Act - ലെ 3,15,17 വകുപ്പുകൾ പ്രകാരം കരുതൽ തടങ്കൽ, സഞ്ചാര നിയന്ത്രണം എന്നീ കർശന നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. സ്ഥിരം കുറ്റവാളികളുടെ വിവരങ്ങൾ ഉൾപ്പെട്ട ഡേറ്റാ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനും

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ഡേറ്റാ ഉപയോഗിച്ച് അന്വേഷണം ത്വരിതപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി)<br><br>(സി)<br><br><br>(ഡി) | ഇതിനായി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ;<br><br>ഏതെല്ലാം തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത ഡേറ്റാബാങ്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;<br><br>ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ബി),<br>(സി)<br>&<br>(ഡി) | കുറ്റകൃത്യങ്ങളിൽ ഒരേ വ്യക്തികൾതന്നെ പല പ്രാവശ്യം പ്രതികളാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യക്തികളുടെ ഫോട്ടോകളും, വിരലടയാളങ്ങളും മറ്റു വിവരങ്ങളും ഉൾപ്പെടുത്തി Fraudsters' Gallery, Violent Criminals Gallery എന്നീ പേരുകളിൽ ഡേറ്റാബാങ്ക് തയ്യാറാക്കി എസ്.സി.ആർ.ബി യിൽ സൂക്ഷിക്കുന്നതിനും അതു വഴി ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ഡേറ്റാ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. Fraudsters' Gallery - ലും Violent Criminals Gallery - യിലും വരുന്ന കുറ്റകൃത്യങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Fraudsters' Gallery യിൽ വരുന്ന കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ

- Money lenders/Money Chain racketeers/deposit collectors/Real estate fraudsters/gold fraud/Goat, Manchium, teak, resort and other false promise frauds.

- Counterfeiters, tube money offenders, customs offenders/foreign money regulation offenders, COFEPOSA warrantees.

- Those involved in Bank frauds, ATM frauds, Frauds promising gifts through mobile phone/email, email frauds like Nigerian bank frauds and other Cyber economic offences.

- Job racketeering, education admission frauds, VISA cheating, Passport racketeering.

- R.C. Book faking, Bank draft faking, Bond paper faking, rent a car rackets, document/seal/certificate faking, video piracy,Copy right violators.

- Money doubling, Anachena, Vellimoonga, Iruthalamoori, Nagamanikyam etc. cheaters, marriage cheaters ( several marriages)

-

## Violent Criminals Gallery യിൽ വരുന്ന കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ

- Murder for Gain, Rape cum Murder,Rape cum Murder for Gain, Ripper model Murders and property offences with rape.

- Sexual offences involving in molesting women at public places, cyber and mobile phone molesting, repeated rapes.

- Offences under Explosives Substances Act, Arms Act, Bomb making, Weapon making etc.

- Quotation gang crimes involving killing/hurt repeatedly for economic gain, or personal gain, or as engaged by other groups.

സെക്ഷൻ ഓഫീസർ